# ‘ദൈവികപരിജ്ഞാനത്തിന്റെ മൂർച്ചയേറിയ ആയുധങ്ങളായിത്തീരുക’

## സഭാപ്രസംഗി 10:10

“ഇരിമ്പായുധം മൂർച്ചയില്ലാഞ്ഞിട്ടു അതിന്റെ വായ്ത്തല തേക്കാതിരുന്നാൽ അവൻ അധികം ശക്തി പ്രയോഗിക്കേണ്ടി വരും. ജ്ഞാനമോ, കാര്യസിദ്ധിക്കു ഉപയോഗമുള്ള താകുന്നു.”

ജ്ഞാനികളിൽ ജ്ഞാനി എന്നു വിശേഷിപ്പിക്കുന്ന ശലോമോൻ രാജാവിന്റെ ഒരു പുസ്തകം ആണല്ലോ സഭാപ്രസംഗി. സകലകാര്യങ്ങളിലും നിപുണനും അറിവുള്ളവനും പ്രസിദ്ധി നേടിയവനും ആയിരുന്നു രാജാവ്. ലോകത്തിന്റെ എല്ലാവിധമായ സുഖസമൃദ്ധി ഭോഗങ്ങളും അതിന്റെ ഉച്ചകോടിയിൽ തന്നെ അനുഭവിച്ചതായ ഒരു വ്യക്തി. ഏറ്റവും ഉന്നത മായ ജ്ഞാനം ദൈവം അവന് കൊടുത്തു എങ്കിലും ദൈവത്തെ മറന്ന് ജീവിക്കുവാൻ ജീവിതമധ്യേ ഇടയായതായും നമുക്ക് കാണാം. ഈ ജ്ഞാനി വിളിച്ചുപറയുന്നു ഈ ലോക ത്തിനു കീഴെ കാണുന്നതായ സകലതും ‘മായ’ ആകുന്നു. ജീവിതയാഥാർത്ഥ്യങ്ങൾ അതിന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽത്തന്നെ മനസ്സിലാക്കുകയും, ക്ഷണികമായ ലോകത്തിന്റെ പ്രഭ ലോകത്തിനു കാണിച്ചു കൊടുത്തുംകൊണ്ട് മുന്നോട്ടുള്ള തലമുറ കൾക്ക് അവൻ ഉപദേശം കൊടുക്കുന്നതാണല്ലോ സഭാപ്രസംഗി എന്ന പുസ്തകം. ഈ ലോകജീവിതത്തിൽ എന്തുതന്നെ നേടിയാലും, ദൈവികമായ തീരുമാനത്തിനും ദൈവ പരിജ്ഞാനത്തിന്റെ വെളിച്ചത്തിലും മാത്രമായിരിക്കണം ജീവിതത്തെ ക്രമീകരിക്കേണ്ട തെന്ന് അവൻ വിളിച്ചു പറയുന്നു. അപ്രകാരമുള്ള അനേക ഉപദേശസംഹിതകളിൽ നിന്ന് ഒരു ചെറിയ പാഠം നമുക്ക് ലളിതമായി ധ്യാനിക്കാം.

നാം വായിച്ചു “ഇരിമ്പായുധം മൂർച്ചയില്ലാഞ്ഞിട്ടു അതിന്റെ വായ്ത്തല തേക്കാ തിരുന്നാൽ അവൻ അധികം ശക്തി പ്രയോഗിക്കേണ്ടി വരും.” ഇരിമ്പായുധം അവ കത്തിയോ, വാളോ എന്തുമാകട്ടെ, ചെറുതായാലും വലുതായാലും ഉപയോഗമധ്യേ മൂർച്ച കുറയും എന്ന് സഭാപ്രസംഗി പറയുന്നു. എന്നാൽ മൂർച്ച കുറയുന്ന ആയുധത്തിനെ ഉപയോഗിക്കണമെങ്കിൽ അവയുടെ വായ്ത്തല മിനുക്കേണ്ടതും ആകുന്നു. മൂർച്ചകൂട്ടണം എന്നത് ഈ ആയുധത്തെ സംബന്ധിച്ചതായ ഒരു തത്വം ആകുന്നു.

ആത്മീക ജീവിതത്തിന്റെ ഒരു വലിയ തത്വം തന്നെ ആകുന്നു നാം ഇവിടെ കാണു ന്നത്. നാം ആയിരിക്കുന്ന ജീവിതമധ്യേ നമ്മുടെ ജീവിതത്തിന്റെ ഓരോ മണ്ഡലങ്ങളും ഈ ഇരിമ്പായുധങ്ങളെപ്പോലെ മൂർച്ചകൂട്ടേണ്ടതാകുന്നു. ഒരു വ്യക്തി സമൂഹത്തിൽ പല role ൽ

അഭിനയിക്കേണ്ടിയരിക്കുന്നു എന്നു പറയാം. ഒരു parent ആയി, മകനായി, മകളായി, സഹോദരൻ, സഹോദരിയോ എന്നിങ്ങനെ എന്തുമാകട്ടെ ജീവിത അനുഭവങ്ങളുടെയും, ബന്ധങ്ങളുടെയും, ഉത്തരവാദിത്വങ്ങളുടെയും ഒക്കെ ഒരു കണക്ക് കർത്താവിന് കൊടുക്കേണ്ടതായിട്ടുണ്ട്. ശാലോമോൻ പറയുന്നതുപോലെ ജ്ഞാനമോ കാര്യസിദ്ധിക്ക് ഉതകുന്നു. ദൈവികജ്ഞാനം അത് പരിശുദ്ധാത്മാവിൽ ദൈവമക്കൾക്ക് കിട്ടുന്ന വലിയ ഒരു സമ്പത്ത് തന്നെ ആകുന്നു. ലോകത്തിലുള്ള സകലവും അറിഞ്ഞാലും ദൈവികപരിജ്ഞാനമില്ലാത്തവനെ മൂഢനെന്നുതന്നെ വിശേഷിപ്പിക്കാം. ജ്ഞാനം പ്രാപിച്ചവരായി നമ്മുടെ ഇരിമ്പായുധങ്ങളെ മൂർച്ചകൂട്ടാം. ദൈവവചനമാകുന്ന ശക്തി ആയുധങ്ങളെ മിനുക്കുവാൻ ഏല്പിച്ചു കൊടുക്കാം. കർത്താവ് നമ്മിൽ നിക്ഷിപ്തമാക്കിയിരിക്കുന്ന ഓരോ ആയുധങ്ങളും മൂർച്ചയുള്ളതായിരിക്കാൻ ഇടയാകട്ടെ. നമ്മുടെ വാക്കുകൾ, ചിന്ത, സ്വഭാവം, പ്രവൃത്തി, ബന്ധങ്ങൾ അങ്ങനെ എല്ലാം. ഇരിമ്പായുധം മൂർച്ചയുണ്ടെങ്കിലേ ഉപയോഗിക്കുവാൻ സാധിക്കൂ. അതേ പ്രിയരേ, മൂർച്ചയുള്ള ഒരായുധമായി അതിന്റെ ആ തിളക്കം sharpness വ്യക്തിഗതമായി ആസ്വദിക്കുവാനും അനേകരെ ദൈവികജ്ഞാനത്തിലും സത്യത്തിലും വഴി നടത്തുവാനും ഉതകട്ടെ. മൂർച്ചയുള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വ്യത്യാസം നമ്മെ കാണുന്നവർ തിരിച്ചറിയണം. ദൈവവചനത്തിന്റെയും ദൈവികപരിജ്ഞാനത്തിന്റെ മൂർച്ചയേറിയ ആയുധങ്ങളായിത്തീരാൻ നമുക്ക് കർതൃകരങ്ങളിൽ പൂർണ്ണമായി സമർപ്പിക്കാം. വായ്ത്തല മൂർച്ചയില്ലെങ്കിൽ അധികം ബലം ആവശ്യമായിവരും. ദൈവികപരിജ്ഞാനം ഇല്ലെങ്കിൽ ലോകപ്രകാരം നമ്മുടെ ചിന്തകളും രീതികളും മാറിപ്പോകും, പിന്നീട് അധികം ഞെരുക്കത്തിലൂടെ കടന്നുപോകേണ്ടതായി വരാം. അതേ, ദൈവഹിതം തിരിച്ചറിയാൻ വയ്യാതെ, മൂർച്ചയില്ലാത്ത ആയുധമായി, കീഴടങ്ങാൻ അല്ല. സത്യപരിജ്ഞാനിയായി ജയത്തോടെ ജീവിക്കുവാൻ നമുക്കു ലഭിച്ച വിളിയിൽ നന്ദിയോടെ ജീവിക്കാം.

**പരാമർശം:**

സഭാപ്രസംഗി 2:13

**വെളിച്ചം ഇരുളിനെക്കാൾ ശ്രേഷ്ഠമായിരിക്കുന്നതുപോലെ ജ്ഞാനം ഭോഷത്വത്തെക്കാൾ ശ്രേഷ്ഠമായിരിക്കുന്നു എന്നു ഞാൻ കണ്ടു.**

**സിസ്റ്റർ ബിന്ദു റെജി അയ്മനം 112**